## പതിനാലാം കേരള നിയമസഭ

### ബുള്ളറ്റിൻ ഭാഗം – 2

2017 മേയ് 11

നമ്പർ : 234

ഇന്ന് (2017 മേയ് 11–ാം തീയതി) സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളനുസരിച്ച് പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2017 മേയ് 25 ന് അവസാനിപ്പിക്കുന്നതാണ്.

2017 മേയ് 23, 24 തീയതികളിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകളുടെ പരിഗണനയ്ക്കായി ഉച്ചയ്ക്ക് 1.30 നു ശേഷവും സഭ സമ്മേളിക്കുന്നതാണ്.

നടപ്പു സമ്മേളനത്തിൽ 2017 മേയ് 22 മുതൽ മേയ് 25 വരെയുള്ള കാര്യപരിപാടികൾ താഴെപ്പറയുംപ്രകാരം ക്രമീകരിച്ചിരിക്കുന്നു.

| | | |
|---|---|---|
| മെയ് 22<br>തിങ്കൾ | : | (1) 2017–18 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കൽ.<br>(2) 2017 – ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം.<br>( ചർച്ച അവസാനിപ്പിക്കുന്നതാണ്) |
| മെയ് 23<br>ചൊവ്വ | : | (1) 2017–18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും.<br>(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017–ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.<br>(ചർച്ച അവസാനിപ്പിക്കുന്നതാണ്) |

| | | |
|---|---|---|
| മെയ് 24<br>ബുധൻ | : | (1) 2017–18 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും<br>(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017- ലെ മലയാള ഭാഷ ( നിർബ്ബന്ധിത ഭാഷ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും<br>(ചർച്ച അവസാനിപ്പിക്കുന്നതാണ്) |
| മെയ് 25<br>വ്യാഴം | : | (1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017 – ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും<br>(ചർച്ച അവസാനിപ്പിക്കുന്നതാണ്)<br>(2) <u>ഉച്ചയ്ക്ക് ശേഷം 12.30 മുതൽ 1.30 വരെ</u><br>2017–18 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും. |

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.